ഉത്തരം

(എ) കാസർഗോഡ് സബ്ജയിലിൽ 60(അറുപത്) തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യം ഉണ്ട്.

(ബി) കാസർഗോഡ് സബ്ജയിലിൽ ഇപ്പോൾ 76 പേരെ താമസിപ്പിക്കുന്നുണ്ട്.

(സി) കാസർഗോഡ് സബ്ജയിലിന്റെ അറ്റകുറ്റപ്പണികൾക്കായി 1997-98 കാലഘട്ടത്തിൽ 2,85,000 രൂപയും 2000-2001 കാലഘട്ടത്തിൽ 3,70,000 രൂപയും കേന്ദ്രസഹായം വിനിയോഗിച്ച് ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ടി ജയിലിലെ സൗകര്യം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 10 ലക്ഷം രൂപയുടെ തടങ്കൽ കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വിമുക്തഭടന്മാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ

57 (3808) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാർക്കായി സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) വിമുക്തഭടൻമാരുടെ മക്കൾക്കും ആശ്രിതർക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) വിമുക്തഭടന്മാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിമുക്തഭടന്മാർക്കായി സർക്കാർ നൽകിവരുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(ബി) വിമുക്തഭടന്മാരുടെ മക്കൾക്കും ആശ്രിതർക്കും നൽകിവരുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(സി) രണ്ടാം ലോകമഹായുദ്ധ സേനാനികളായ വിമുക്തഭടന്മാർക്ക് നൽകിവരുന്ന പ്രതിമാസ സാമ്പത്തികസഹായവും ധീരതാപുരസ്കാരം നേടിയ സൈനികർക്ക് നൽകിവരുന്ന സാമ്പത്തിക സഹായവും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

മരണപ്പെട്ട സൈനികൻ സ്വാമിനാഥന്റെ കുടുംബത്തിനുള്ള ധനസഹായ വിതരണം

58 (3809) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ യുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച സ്വാമിനാഥൻ എന്ന സൈനികന്റെ കുടുംബത്തിന് സംസ്ഥാന സർക്കാർ ധനസഹായം നൽകിയോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly